ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: എം2/10301/2026/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 24-06-2026
ഇ-മെയിൽ : secret.dge@kerala.gov.in

## വിജ്ഞാപനം

വിഷയം :- പൊതുവിദ്യാഭ്യാസം- ബി.എഡ് ട്രെയിനിംഗ് കോഴ്സ് 2026-28 ഡിപ്പാർട്ട്മെൻറ് ക്വാട്ട അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 04-06-2026 തീയതിയിലെ തലശ്ശേരി ഗവ.ബ്രണ്ണർ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പലിന്റെ ബി2/106/2026 നം കത്ത്.

2. 15-06-2026 തീയതിയിലെ തിരുവനന്തപുരം ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പലിന്റെ എ4/58/2026 നം കത്ത്.

കേരളത്തിലെ 4 ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് 2026-28 അദ്ധ്യയനവർഷത്തെ ബി.എഡ് കോഴ്സിലേയ്ക്ക് ഡിപ്പാർട്ട്മെൻറ് ക്വാട്ടാ മുഖേന തെരെഞ്ഞെടുക്കുന്നതിനുവേണ്ടി താഴെ സൂചിപ്പിച്ചിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയുടെ മാതൃകയും, ഓരോ കോളേജുകളിലേയും അനുവദനീയമായ ഐച്ഛിക വിഷയങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ബി.എഡ് ട്രെയിംനിംഗ് കാലയളവ് രണ്ട് വർഷം ആണ്.

1. പി.എസ്.സി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന തെരെഞ്ഞെടുക്കപ്പെട്ട ബി.എഡ്. യോഗ്യത നേടിയിട്ടില്ലാത്ത ഹൈസ്കൂൾ ടീച്ചർമാർ

2. സർക്കാർ/എയിഡഡ് സ്കൂളുകളിലെ ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത ബിരുദധാരികളായ ഭാഷാദ്ധ്യാപകർ

3. ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ബിരുദധാരികളായ എൽ.പി.എസ്.എ,യുപി.എസ്.എ

4. സർക്കാർ/എയിഡഡ് സ്കൂളുകളിൽ ജോലിനോക്കുന്ന ബിരുദധാരികളായ സ്പെഷ്യലിസ്റ്റ്, ക്രാഫ്റ്റ് , സംസ്കൃത അദ്ധ്യാപകർ

5. പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കി വരുന്ന ബിരുദധാരികളായ അദ്ധ്യാപകേതര ജീവനക്കാർ (സർക്കാർ സ്ഥാപനങ്ങളിൽ ജോലിനോക്കുന്നവർക്ക് മാത്രം)

6. എയിഡഡ് സ്കൂളുകളിൽ ജോലി നോക്കി വരുന്ന, 5 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ചുവരുന്ന ഫുൾടൈം അദ്ധ്യാപകേതര ജീവനക്കാർ (3 സീറ്റ് നീക്കിവച്ചിട്ടുണ്ട്)

ഏതെങ്കിലും വിഷയത്തിൽ ബി.എഡ് യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാർ ഡിപ്പാർട്ട്മെൻറ് ക്വാട്ടാ മുഖേന അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന തെരെഞ്ഞടുക്കപ്പെട്ടവർ ആ വിവരം അപേക്ഷയിൽ പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.

ഭാഷാ-അദ്ധ്യാപകർ ഫുൾടൈം ആണോ പാർട്ട്ടൈം ആണോ എന്ന് അപേക്ഷയിൽ പ്രതേകം രേഖപ്പെടുത്തേണ്ടതാണ്. പാർട്ട്ടൈം സർവ്വീസും ഫുൾടൈം സർവ്വീസും പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.

അംഗീകൃത ടീച്ചിംഗ് സർവ്വീസ് ഇല്ലാത്ത അദ്ധ്യാപകർ അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

**പൂരിപ്പിച്ച അപേക്ഷകൾ അതാത് ഓഫീസർമാർ മുഖേന 30/06/2025 തീയതിയ്ക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എം 2 സെക്ഷനിൽ നേരിട്ട് ലഭ്യമാക്കേണ്ടതാണ്.**

***ബി.എഡ് ഡിപ്പാർട്ട്മെൻറ് ക്വാട്ടയിൽ പ്രവേശനം നേടുന്നതിനു അർഹരായ അപേക്ഷകർ യൂണിവേഴ്സിറ്റി പോർട്ടലിൽ ഓൺലൈൻ ആയി ടീച്ചേഴ്സ് ക്വാട്ടയിൽ അപേക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.***

നിരസിക്കപ്പെടുന്ന അപേക്ഷകൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ യാതൊരുവിധ കത്തിടപാടുകളും നടത്തുന്നതല്ല.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി എന്നീ നാല് ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേയ്ക്കാണ് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ മുഖേന സീറ്റ് അനുവദിച്ചിരിക്കുന്നത്. സർവ്വീസ് കാലയളവിന്റെയും, ലഭ്യമായ സീറ്റുകളുടേയും അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ് നടത്തുന്നത്.

സർക്കാർ സ്കൂൾ അദ്ധ്യാപകർക്കാണ് മുൻഗണന നൽകുന്നത്.

അന്യ സംസ്ഥാനത്തെ യൂണിവേഴ്സിറ്റി/സ്ഥാപനങ്ങളിൽ നിന്നും ബിരുദം ഹയർസെക്കന്ററി/പത്താംതരം പരീക്ഷ വിജയിച്ചവർ അപേക്ഷയോടൊപ്പം തുല്യത സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണ്.

തെരെഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ ട്രയിനിംഗ് കാലയളവിൽ എപ്പോഴെങ്കിലും ട്രെയിനിംഗിന് യോഗ്യരല്ല എന്ന് കണ്ടെത്തിയാൽ സെലക്ഷൻ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

Digitally signed by
Santhosh C A
Date: 24-06-2026 ,
10:49:14

പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (അക്കാദമിക്)

**സ്വീകർത്താവ്**

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

2. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

**പകർപ്പ്**

1 വൈസ് ചെയർമാൻ & എക്സിക്യൂട്ടിവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2. എല്ലാ ഗവ./എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (ജില്ലാ ഉപജില്ലാ ഓഫീസർ മുഖേന)

# സത്യവാങ്മൂലം

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധിപ്പിക്കുന്നു. കൂടാതെ എന്നെ ട്രെയിനിംഗിന് തെരഞ്ഞെടുക്കപ്പെട്ടാൽ യാതൊരു കാരണവശാലും സെലക്ഷൻ റദ്ദ ചെയ്യുവാൻ ആവശ്യപ്പെടുകയില്ല എന്നും ജി.ഒ.(പി) നം. 217/05/ഫിൻ. തീയതി 11.05.2005 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകന്റെ ഒപ്പും തീയതിയും**

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാണെന്നും, സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

**ഓഫീസ് മേലധികാരിയുടെ ഒപ്പും തീയതിയും**

**സ്കൂൾ/ഓഫീസിന്റെ പേര്**

4 ബി എഡ് ട്രെയിനിംഗ് സെന്ററിലെ വിഷയങ്ങള് ചുവടെ ചേര്ക്കുന്നു.

| | Department Quota B.Ed Centers | | | |
|---|---|---|---|---|
| | Thiruvananthapuram (11) | Trissur(8) | Kozhikode(10) | Thalassery(9) |
| Subject | English | English | English | English |
| | Malayalam | Malayalam | Malayalam | Malayalam |
| | Hindi | Hindi | Hindi | Hindi |
| | Sanskrit | Sanskrit | Sanskrit | |
| | Tamil | | | |
| | Social Science | Social Science | Social Science | Social Science |
| | Geography | | | |
| | Commerce | | | |
| | Physical Science | Physical Science | Physical Science | Physical Science |
| | Natural Science | Natural Science | Natural Science | Natural Science |
| | Mathematics | Mathematics | Mathematics | Mathematics |
| | | | Arabic | Arabic |
| | | | Urdu | Urdu |